# ഹരിശ്രീ

## ലിറ്റിൽ കൈറ്റ്സ് മാഗസിൻ

എൻ .എസ് .എസ് .കെ .പി .ടി

വൊക്കേഷണൽ

ഹയർ സെക്കൻഡറി സ്കൂൾ

ഒറ്റപ്പാലം

പാലക്കാട് ജില്ല

679101

2018-19

2

## ഉള്ളടക്കം


1. പ്രധാനാധ്യാപികയുടെ സന്ദേശം
2. നമ്മുടെ വിദ്യാലയത്തിന്റെ ലഘുചരിത്രം
3. ഉറക്കം
4 . ആ ഒരു കാലം
5. പരിശ്രമം
6. കിനാവ്
7. കാണ്മതില്ല എവിടെയും പുഴയെ
8. എന്റെ വിദ്യാലയം
9. സഹായം
10. സൗഹൃദം

നമ്മുടെ വിദ്യാലയത്തിലെ ലിറ്റിൽ കൈറ്റ്സ് യൂണിറ്റ്ആദ്യ ബാച്ചിന്റെ ഒരു എളിയ ശ്രമം .വിദ്യാർത്ഥികളുടെ മാത്രം ഒരു മാഗസിൻ !അതായിരുന്നു ഉദ്ദേശിച്ചിരുന്നത് .അതിൽ തീർത്തും വിജയിച്ചു എന്ന് പറയാം .ടൈപ്പിങ്ങും എഡിറ്റിങ്ങും എല്ലാം കുട്ടികളെതന്നെ ഏൽപ്പിച്ചു .അവർ അവർക്കാവുന്ന തരത്തിൽ ഭംഗിയായി ചെയ്തു .കുറ്റങ്ങളും കുറവുകളും കാണാതെ ചെയ്ത നല്ല പ്രവൃത്തിക്ക് അഭിനന്ദങ്ങളെകാം ..പ്രോത്സാഹനങ്ങൾ നൽകാം ........

സ്നേഹാദരങ്ങളോടെ

എം.ശശികുമാർ (ലിറ്റിൽകൈറ്റ്സ് മാസ്റ്റർ)

എസ് .ഉഷസ്സ്(ലിറ്റിൽ കൈറ്റ്സ് മിസ്ട്രെസ്സ് )

# എഡിറ്റോറിയൽ ബോർഡ്

സജന

ഹൃദിക

ഹിബ

അലൻ .കെ.ബിജു

നമ്മുടെ വിദ്യാലയത്തിലെ ലിറ്റിൽ കൈറ്റ്സ് യൂണിറ്റിന്റെ നേതൃത്വത്തിൽ

പുറത്തിറക്കുന്ന 'ഹരിശ്രീ 'മാഗസിന്

എല്ലാവിധ ആശംസകളും

നേരുന്നു.

എന്ന്

ടി .ഉഷാദേവി

HM in chrge

# നമ്മുടെ വിദ്യാലയത്തിന്റെ ലഘുചരിത്രം

1902 –ൽ കുതിരവട്ടത്ത് പ്രഭാകരൻ തമ്പാൻ സ്ഥാപിച്ച വിദ്യാലയമാണ് എൻ.എസ്.എസ് കെ.പി .ടി സ്ക്കുൾ .തുടക്കത്തിൽ പന്ത്രണ്ട് വിദ്യാർത്ഥികലായിരുന്നു ആദ്യ ക്ളാസിൽ ഉണ്ടായിരുന്നത് .അന്ന് കോഴിക്കോടിനും പാലക്കാടിനും ഇടയിലുള്ള ഏക ഹൈസ്കൂൾ ആയിരുന്നു ഒറ്റപ്പാലം ഹൈസ്ക്കുൾ .

സർദാർ വല്ലഭായ് പട്ടേലിന്റെ സേക്രട്ടറിയായിരുന്ന വി.പി മേനോൻ,ഒളപ്പമണ്ണ, ചേലനാട്ട്അച്യുതമേനോൻ ,വി.കെ ഗോവിന്ദൻ തുടങ്ങിയ പ്രമുഖർ പൂർവ്വ വിദ്യാർഥികളാണ് .



# ഉറക്കം

അച്ഛനും അമ്മയും ചേച്ചിയും  ചേട്ടനും

5 ആളു ചേർന്നതാണെൻ കുടുംബം,

അച്ഛൻ വെളുപ്പിനെ ടാപ്പിങ്ങിനു പോകും

'അമ്മ വെളുപ്പിനെ അടുക്കളയിൽ ,

ചേട്ടനും  ചേച്ചിയും പഠിത്തം തുടങ്ങിയാൽ

ഉറക്കം നിറുത്താതെ വഴിയില്ലന്നേ,

ALAN .K.BIJU  (9.A)

# ആ ഒരു കാലം

മയിൽ പീലി പുസ്തകത്തിൻ ഇടയിലെ
കടലാസുകളിൽ പറക്കുമീതെ കൈ -
പിടിച്ചരുന്ന കുടിയിലാണ് അന്നത്തെ
വാസസ്ഥലം. ഇന്ന് നാം ഏഴുനില
കെട്ടിടത്തിലാണ് വസിക്കുന്നത്. കൈയിലൊരു

മഷിപേനയും പുസ്തകവും പിടിച്ചു പോയൊരുകാലം .
എന്ന് നടന്നുമല്ല കൈയിലൊരു ബാഗുമായി
ഇരുചക്ര വാഹനങ്ങളിൽ ചീറി പായുന്ന കാലം.
പണ്ടത്തെ കുടിലിനു ഇന്നത്തെ ബംഗ്ലാവിൽ
എത്ര മനുഷ്യന്റെ വാസം. കർഷകന്റെ അധ്വാ-
നത്തിൽ മണമില്ല എന്ന് കണ്ടെത്തി ഇന്ന.
ഇന്നു കണ്ടതിൽ മലിനീകരത്തിൻ വായുവാണ.
എത്രകാലമായാലും എത്രനാളായാലും
മറക്കില്ല 'ആ ഒരു കാലം "

## DANISA (6.A)

# പരിശ്രമം

ഒരു സ്കൂളിൽ മടിയനായ ഒരു കുട്ടിയുണ്ടായിരുന്നു
അവന്റെ പേര് വിനോദ് എന്നായിരുന്നു. ആ
കുട്ടി വളരെയധികം കഷ്ടപ്പാടിന്റെയും ,ദരിദ്രത്തി -
ന്റെയും ഇടയിൽനിന്നു വന്നവനാണ്. അതുകൊ-
ണ്ടുതന്നെ അവൻ തന്റെ വിഷമങ്ങൾ പുറമെക-
ണിക്കാതിരിക്കാൻ കുസൃതികൾ കാണിക്കുന്നത്
അതിനാൽ സ്കൂളിലെ എല്ലാ ടീച്ചർമാർക്കും
അവനോടു വെറുപ്പായിരുന്നു. അവനെപ്പറ്റി
ധാരാളം പരാതികൾ വന്നിരുന്നു, അവന്
അച്ഛനും അമ്മയും ഉണ്ടായിരുന്നില്ല. ചെറുപ്പത്തിൽ
തന്നെ മരിച്ചുപോയി. അവൻ ഒരനാഥനായിരുന്നു.
അവൻ തന്റെ അമ്മായിയുടെ തണലിലായിരുന്നു
ജീവിച്ചത്. അവൻ ഇപ്പോൾ പത്താംക്ലാസ്സിലാണ്
പഠിക്കുന്നത്. അവന്റെ മനസ്സിൽ എല്ലാത്തരത്തിലും

പഠിക്കാനുള്ള ആഗ്രഹം വന്നുതുടങ്ങി. സെക്കന്റ്

എക്സമിൽ അവനു നല്ല മാർക്ക് ലഭിച്ചു. sslc

എക്സമിന്റെ റിസൾട്ടിൽ അവനു ഫുൾ A+ ലഭിച്ചു.

അതിലൂടെ പരിശ്രമിച്ചാൽ വിജയം ലഭിക്കുമെന്ന്
അവനു മനസ്സിലായി.

SAJANA (9.D)

HRIDHIKA (9.D)

ALAN .K. BIJU (9.A)

# കിനാവ്

പൊന്നുയരും സന്ധ്യകളിൽ

എന്നെന്നും കിനാവായി

നീലാകാശത്തിലെന്നെന്നും നിനവായ്

നീവാഴുന്ന ആ നേരത്തു ഞാനെത്തി

ആ നേരത്തു നീഎന്നോടുമിണ്ടി

ആ കിനാവുകളും നിനവുകളും

പോയി മറഞ്ഞിപ്പോൾ

കണ്ടാൽ മിണ്ടാതെ

അരികത്തെത്തിയാൽ നോക്കാതെ

പോയിമറഞ്ഞില്ലേ

ഓരോ രാവും പോലെ നീ....(2)

(Sajana 9-D)

## കാണ്മതില്ല എവിടെയും പുഴയെ !

കാണ്മതില്ല നിന്നെ ....

തേടി തേടി ഞാൻ നടന്നു

നോക്കി നോക്കി ഞാനും നടന്നു

എന്റെ കണ്ണ് കലങ്ങി പോയി

തേടുകയായിരുന്നു ഞാൻ എന്നും

ആദ്യാവസാനമായി

കണ്ടെത്തി നിന്നെ ഞാൻ

മലിനമാക്കരുതെന്നേ

ആരോടാരുപറയും.....(2 )

നല്ല ആ പുഴയുടെ  ഭംഗി

ആസ്വദിക്കാൻ എനിക്കായ

## സഹായം

ഒരു ദിവസം ഒരു കുട്ടി വീടിനു മുൻപിൽ നിന്ന്

പട്ടം പറത്തി കളിക്കുകയായിരുന്നു. ആ കുട്ടി

പട്ടം വളരെ ഉയരത്തിലേക്ക് പറത്തി .

അതിനിടയിൽ അത്യാവശ്യം വേഗത്തിൽ

ഒരു കാറ്റു വീശി. കാറ്റിന്റെ വേഗത കാരണം ആ

പട്ടം ഒരു മരത്തിന്റെ ചില്ലയിൽ കുടുങ്ങി.

അവൻ സങ്കടത്തോടെ അമ്മയുടെ അടുത്തേക്ക്

ഓടിച്ചെന്ന് പറഞ്ഞു ; അമ്മെ എന്റെ പട്ടം മരത്തിൽ

കുടുങ്ങി പോയി. അതൊന്നു എടുത്ത് തരുമോ?

പ്ലീസ് അമ്മേ എനിക്ക് ആ പട്ടം വേണം.

ഇതു  കേട്ട അമ്മ അവനോട് പറഞ്ഞു ; അത്

സാരമില്ല മോനെ നമുക്ക് അച്ഛനോട് പറഞ്ഞു

പുതിയ പട്ടം വാങ്ങിക്കാം. നീ ഇപ്പോൾ വേറെ

എന്തെങ്കിലും എടുത്ത് കളിക്ക്. പക്ഷെ അമ്മേ

എനിക്ക് ആ പട്ടം വളരെ ഇഷ്ടമായി. എനിക്ക്

ആ പട്ടം തന്നെ വേണം. എനിക്കു കുറെ

പണിയുണ്ട് മോനെ ഇതു കേട്ട് അവൻ ആകെ

വിഷമിച് പുറത്തേക്കു പോയി. പട്ടം എടുക്കുന്നതിനു

വേണ്ടി അവൻ പല രീതിയും ശ്രമിച്ചു. പക്ഷേ

അതെടുക്കാൻ സാധിച്ചില്ല. അതിനിടക്കാണ്

അവൻ ആ മരത്തിലൊരു കിളിയെ കണ്ടത്

ഒരിക്കൽ അവനുമുന്പിൽ ദാഹിച്ച വന്ന കിളിയാണ്

മരത്തിലുണ്ടായിരുന്നത്. അന്ന് അവൻ ആ കിളിക്കു

വെള്ളം കൊടുക്കുകയും ചെയ്തിരുന്നു. അവനു ആ

പക്ഷിയുടെ ഭാഷയിൽ സംസാരിക്കാൻ അറിയുമായിരുന്നു

അതുകൊണ്ട് അവൻ ആ ക്ഷപക്ഷിയോടു പട്ടം എടുത്തു

തരാൻ പറഞ്ഞു. തലയാട്ടി മറുപടി നൽകി പട്ടം

താഴേക്ക് ഇട്ടു കൊടുത്ത് പറന്നുപോയി. പട്ടം

കിട്ടിയതിൽ ആ കുട്ടിക്ക് സന്തോഷമായി . ഒരു

സഹായം ചെയ്താൽ അതിന്റെ പ്രതിഫലം ലഭിക്കുമെന്നും മനസ്സിലാക്കാൻ കഴിഞ്ഞു.

**HRITHIKA (9.D)**

# സൗഹൃദം

ഒരു കാട്ടിൽ പുലിയുണ്ടായിരുന്നു ആ പുലിക്ക് ഒരു കുഞ്ഞുണ്ടായിരുന്നു .ആ കുഞ്ഞിന് വിശന്നപ്പോൾ ആ പുലി ഇര തേടാനായി പോയി . ആ പുലിക്ക് ഒന്നും തന്നെ കിട്ടിയില്ല. ആ പുലിക്ക് ആകെ സങ്കടമായി. പിന്നെയും എന്തെങ്കിലും കിട്ടുമോ എന്ന് അന്വേഷിച്ചു നടന്നു. അങ്ങനെ ഇരിക്കെ ആ നേരത്ത ഒരു വയസ്സായ മാൻ അതുവഴി നടന്നു പോവുകയായിരുന്നു അപ്പോൾ പുലി അതിന്റെ പിന്നാലെ പോയി. അതിനെ പിടിക്കുമെന്നുറപ്പായപ്പോൾ മാൻ പെട്ടന്ന് തിരിന്നു നോക്കി . അപ്പോളാണ് മനസ്സിലായത് അത് തന്റെ ബാല്യകാലസുഹൃത്തായിരുന്നു. അപ്പോൾ പുലി തന്റെ സുഹൃത്തിനോട് കാര്യം പറഞ്ഞു . അവൾ തന്റെ കൂടെയുള്ള ഒരു മാൻ മരിച്ചു അതിന്റെ സങ്കടത്തോടെ പോവുകയായിരുന്നു. മരിച്ച മാനിനു ആരുമില്ലായിരുന്നു അപ്പോൾ തന്റെ സുഹൃത് അതിനെ ഭക്ഷിച്ചോളാൻ പറഞ്ഞു . അവർ സന്തോഷത്തോടെ ഭക്ഷിച്ചു .

മുഹമ്മദ് അൻസിൽ (9.ബി )

സജന (9 .ഡി)

നന്ദി